**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1332** **18-01-2021 - ൽ മറുപടിയ്ക്ക്**

**അംഗീകൃത മാനേജ്മെന്റ് സ്കൂൾ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജി ചെറിയാൻ | | Prof. C. Raveendranath<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | അംഗീകൃത മാനേജ്മെന്റ് സ്കൂൾ നിയമനങ്ങൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുള്ളത് എന്ന് വരെയുള്ള നിയമനങ്ങൾക്ക് ആണെന്നത് അറിയിക്കാമോ; | (എ) | മാനേജ്മെന്റ് സ്കൂളുകളിൽ കെ.ഇ.ആർ വ്യവസ്ഥകൾ പ്രകാരം നടത്തിയ നാളിതുവരെയുള്ള നിയമനങ്ങൾക്ക് അംഗീകാരം നല്കിയിട്ടുണ്ട്. |
| (ബി) | 2019 മാർച്ച് മാസത്തിൽ ചെങ്ങന്നൂർ നായർ സമാജം റ്റി.റ്റി.ഐ. സ്കൂളിലെ പാർട്ട്ടൈം സ്വീപ്പറായി നിയമിക്കപ്പെട്ട രശ്മി കെ. പിള്ളയുടെ നിയമനാംഗീകാരം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) | മാന്നാർ നായർ സമാജം റ്റി.റ്റി.ഐയിലെ പി.റ്റി.സി.എം ശ്രീ.സുരേഷ് കുമാറിന് എഫ്.ടി.എം തസ്തികയിലേക്ക് സ്ഥാനക്കയറ്റം നല്കിയ ഒഴിവിലാണ് 01-03-2019 മുതൽ ശ്രീമതി.രശ്മി.കെ.പിള്ളയെ മാനേജർ നിയമിച്ചത്. എന്നാൽ 2006 മുതലുള്ള അധിക ഡിവിഷൻ തസ്തികകളിൽ 12-01-2010-ലെ സ.ഉ.(പി).നം10/10/പൊ.വി.വ-ലെ ബോണ്ട് വ്യവസ്ഥ പ്രകാരം നടത്തിയ നിയമനങ്ങൾക്ക് തത്തുല്യം എണ്ണം സംരക്ഷിതാ ദ്ധ്യാപകരെ നിയമിക്കണമെന്ന നിബന്ധന മാനേജർ പാലിക്കാതെയാണ് ശ്രീ.രശ്മി.കെ. പിള്ളയെ നിയമിച്ചത് എന്ന് കണ്ട് ടി നിയമനം മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറും ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറും നിരസിച്ചിരുന്നു. അതിനെതിരെ സമർപ്പിച്ച അപ്പീൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് റിപ്പോർട്ടിനായി പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചിട്ടുണ്ട്. ആവശ്യപ്പെട്ട റിപ്പോർട്ട് ലഭ്യമാക്കി തുടർ നടപടി അടിയന്തിരമായി സ്വീകരിക്കുന്നതാണ്. |
| (സി) | നിയമനാംഗീകാരം നൽകുന്നതിനുള്ള നടപടികൾ വേഗത്തിലാക്കുന്നത് പരിഗണിക്കുമോ? | (സി) | മാന്നാർ നായർ സമാജം റ്റി.റ്റി.ഐയിലെ പി.റ്റി.സി.എം ശ്രീ.സുരേഷ് കുമാറിന് എഫ്.ടി.എം തസ്തികയിലേക്ക് സ്ഥാനക്കയറ്റം നല്കിയ ഒഴിവിലാണ് 01-03-2019 മുതൽ ശ്രീമതി.രശ്മി.കെ.പിള്ളയെ മാനേജർ നിയമിച്ചത്. എന്നാൽ 2006 മുതലുള്ള അധിക ഡിവിഷൻ തസ്തികകളിൽ 12-01-2010-ലെ സ.ഉ.(പി).നം10/10/പൊ.വി.വ-ലെ ബോണ്ട് വ്യവസ്ഥ പ്രകാരം നടത്തിയ നിയമനങ്ങൾക്ക് തത്തുല്യം എണ്ണം സംരക്ഷിതാ ദ്ധ്യാപകരെ നിയമി |

| | | | |
|---|---|---|---|
| | | | ക്കണമെന്ന നിബന്ധന മാനേജർ പാലിക്കാതെയാണ് ശ്രീ.രശ്മി.കെ. പിള്ളയെ നിയമിച്ചത് എന്ന് കണ്ട് ടി നിയമനം മാവേലിക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറും ആലപ്പുഴ വിദ്യാഭ്യാസ ഉപഡയറക്ടറും നിരസിച്ചിരുന്നു. അതിനെതിരെ സമർപ്പിച്ച അപ്പീൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് റിപ്പോർട്ടിനായി പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചിട്ടുണ്ട്. ആവശ്യപ്പെട്ട റിപ്പോർട്ട് ലഭ്യമാക്കി തുടർ നടപടി അടിയന്തിരമായി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ